# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4480

## 18-05-2017 ൽ മറുപടിക്ക്

## അടൂർ മണ്ഡലത്തിലെ കിഫ്ബി മുഖാന്തിരം ഉള്ള പ്രവൃത്തികൾ

| ചോദ്യം<br>ശ്രീ. ചിറ്റയം ഗോപകുമാർ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) അടൂർ മണ്ഡലത്തിൽ കിഫ്ബി മുഖാന്തിരം നടപ്പിലാക്കുന്നതിന് പരിഗണിച്ചിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് അറിയിക്കുമോ; | സംസ്ഥാന സർക്കാരിന്റെ 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളെയാണ് കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇത് ഒരു പ്രത്യേക നിയോജക മണ്ഡലത്തെയോ ജില്ലയെയോ മാത്രം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളല്ല. സംസ്ഥാനത്തിന്റെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനമാണ് ഈ പാക്കേജിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ച പദ്ധതി നിർദ്ദേശങ്ങളിൽ നിന്നും 08.08.2016 ലെ സ.ഉ. (കൈ) നം. 315/2016/ധന. ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം യോഗ്യമായവയെ കിഫ് ആക്ടിലേയും, സ്കീമിലേയും വ്യവസ്ഥകൾക്ക് വിധേയമായി സൂക്ഷ്മ പരിശോധന നടത്തി കിഫ് ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്ന നടപടിയാണ് സ്വീകരിച്ചു വരുന്നത്. തുടർന്ന് കിഫ് ബോർഡിന്റെ അംഗീകാരം നൽകുന്ന പദ്ധതിക്ക് കിഫ്ബി ധനസഹായം നൽകുന്നു. ബോർഡ് ഇതുവരെ അംഗീകാരം നൽകിയ പദ്ധതികളുടെ ലിസ്റ്റ് അനുബന്ധമായി ലഭ്യമാക്കുന്നു. |

| | |
|---|---|
| (ബി) പ്രസ്തുത പദ്ധതികൾ പ്രാവർത്തികമാക്കുന്നതിനായി നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ; | 07.11.2016 ൽ കിഫ് ബോർഡിന്റെ 27 ാമത് ബോർഡ് യോഗം അംഗീകരിച്ച ഒന്നാംഘട്ട പദ്ധതികളുടെ ടെൻഡർ/സ്ഥലമേറ്റെടുപ്പ് നടപടികൾ ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസികൾ സ്വീകരിച്ചു വരുന്നു. ഈ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്ന മുറയ്ക്ക് കിഫ്ബി ധനസഹായം ലഭ്യമാക്കുന്നതിനായി പദ്ധതി നിർവ്വഹണ ഏജൻസികളുടെ പ്രവർത്തന പുരോഗതി മന്ത്രിതലത്തിലും, സെക്രട്ടറിതലത്തിലും ആനുകാലിക അവലോകനം നടത്തി വരുന്നുണ്ട്. പദ്ധതികളുടെ പ്രവർത്തന പുരോഗതി റിപ്പോർട്ട് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. 21.03.2017 ൽ കൂടിയ കിഫ്ബോർഡിന്റെ 28 ാമത് ബോർഡ് യോഗം അംഗീകരിച്ച 2ാം ഘട്ട പദ്ധതികളുടെ നടത്തിപ്പിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നതേയുള്ളൂ. അംഗീകരിക്കപ്പെട്ട പദ്ധതികളുടെ സമയബന്ധിതമായ നിർവ്വഹണത്തിനാവശ്യമായ നടപടികൾ കിഫ്ബി സ്വീകരിക്കുന്നുണ്ട്. |
| (സി) അനുബന്ധ പദ്ധതികൾ നടപ്പിലാക്കുന്നതിലുണ്ടായിട്ടുള്ള കാലവിളംബത്തിന്റെ കാരണം വിശദമാക്കാമോ; | |
| (ഡി) സമയബന്ധിതമായി പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് വേണ്ട സത്വര നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ